**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1215** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) | കെ.എസ്.ആർ.ടി.സിയുടെ വരവ് ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. 1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങൾ ഒരുക്കി കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.യുടെ പരിപൂർണ്ണ സഹായ സഹകരണത്തിൽ പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. 2. പ്രൊഫഷണലുകളുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽ നിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 3. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ ഒരു കൊമേർഷ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു. 4. കെ.എസ്.ആർ.ടി.സി.യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. 5. കെ.എസ്.ആർ.ടി.സി.യുടെ ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കു ന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ഇവയാണ്. i) ചെലവ് കുറഞ്ഞ LNG / CNG മുതലായ ഇന്ധനങ്ങളിലേക്ക ചുവടു മാറ്റുക. ii) റൂട്ട് Rationalization. iii) |

ബസ്സുകളുടെ Utilization വർദ്ധിപ്പിക്കുക. iv) സർവ്വീസ് Operation Optimize ചെയ്യുക. v) ജീവനക്കാരുടെ എണ്ണം കുറയ്ക്കുക. vi) ഇന്ധനക്ഷമത വർദ്ധിപ്പിക്കുക. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. a) Logistic division ആരംഭിക്കുക. b).പരസ്യങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക. c) സർവ്വീസ് യോഗ്യമല്ലാത്ത കണ്ടം ചെയ്ത ബസുകൾ മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുക (Shop On Wheels). d) ബസ് സ്റ്റേഷൻ കെട്ടിടങ്ങൾ ഗുണപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുക. e) കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതിയിലുള്ള, എന്നാൽ നിലവിൽ ഉപയോഗിക്കാനാവാത്തതുമായ വസ്തുവകകൾ പുതിയ പദ്ധതികൾക്കായി വിനിയോഗിക്കുക. കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂൽ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾ ക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ലൂബ്രിക്കന്റ് വിൽപന, ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതു വഴി കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. കോവിഡ് സാഹചര്യത്തിൽ സർവ്വീസ് നടത്താൻ സാധിക്കാത്ത അധിക ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർക്ക് ചെയ്തതുമൂലം ഇൻഷ്വറൻസ് തുക, ബാറ്ററി, ടയർ, ല്യൂബ്രിക്കൻസ് ഇനത്തിൽ ചെലവ് കുറയും. കൂടാതെ ജില്ലാ വർക്ക്ഷോപ്പുകൾ എല്ലാ ജില്ലകളിലും ക്രമീകരിക്കുകയും ഡിപ്പോ മെയിന്റനൻസ് പുനഃക്രമീകരിക്കുകയും ചെയ്യുക വഴി ബസ്സ് / ജീവനക്കാർ അനുപാതം ക്രമേണ കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. 3400 ഡീസൽ ബസ്സുകൾ LNG / CNG-യിലേക്ക് convert ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നു എങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്: കെ.എസ്.ആർ.ടി.സിയുടെ സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത

| | | | |
|---|---|---|---|
| | | | ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിന് കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ “Sightseeing" എന്ന പദ്ധതിയും “conducted tour” മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കു വാനും സർക്കാർ, അർദ്ധ സർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് ഇത് സഹായകരമാകും. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം / ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി എല്ലാവിഭാഗം ജീവനക്കാർക്കും യൂണിഫോം നൽകുന്നതിന് സ്പോൺസർമാരെ കണ്ടെത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ യൂണിഫോം നിഷ്കർശിച്ചിട്ടുളള ജീവനക്കാർക്ക് യൂണിഫോം നൽകുന്നതിന് സ്പോൺസർമാരെ കണ്ടെത്തുന്ന കാര്യം കെ.എസ്.ആർ.ടി.സി.യുടെ |

| | | | |
|---|---|---|---|
| | | | പരിഗണനയിലാണ്. മാനദണ്ഡങ്ങൾ തീരുമാനിച്ചിട്ടില്ല. |
| (സി) | ഇക്കാര്യത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ യൂണിഫോം നിഷ്കർശിച്ചിട്ടുള്ള ജീവനക്കാർക്ക് യൂണിഫോം നൽകുന്നതിന് സ്പോൺസർമാരെ കണ്ടെത്തുന്ന കാര്യം കെ.എസ്.ആർ.ടി.സി.യുടെ പരിഗണനയിലാണ്. മാനദണ്ഡങ്ങൾ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ